പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3735

15.12.2014-ൽ
മറുപടിയ്ക്ക്

## മാഫിയ-ക്രിമിനൽ ബന്ധമുള്ള എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ : | ഉത്തരം<br>ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സ്പിരിറ്റ് മാഫിയ, മറ്റ് ക്രിമിനൽ സംഘങ്ങൾ എന്നിവരുമായി ബന്ധമുള്ള എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br>(ബി) ഏതൊക്കെ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കാണ് ഈ സംഘങ്ങളുമായി ബന്ധമുള്ളതെന്ന് വിശദമാക്കുമോ;<br>(സി) ഈ സംഘങ്ങളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി നേരിടുന്ന ഉദ്യോഗസ്ഥർ | (എ) യും (ബി) യും (സി) യും<br>സ്പിരിറ്റ് മാഫിയയുമായി ബന്ധമുണ്ടെന്ന റിപ്പോർട്ടിൽ ശ്രീ.ഐ.പി.കെ.രാജൻ, പ്രിവന്റീവ് ഓഫീസർ (തിരുവനന്തപുരം), അബ്കാരി കേസുകളിൽ പ്രതിയായതിനെ തുടർന്ന് ശ്രീ.ഹാരിജോൺ (ആലപ്പുഴ) , ശ്രീ.എം.സന്തോഷ് കുമാർ (തിരുവനന്തപുരം) എന്നിവർക്കെതിരെയും ക്രിമിനൽ കേസ്സിൽ പ്രതിയായതിനെ തുടർന്ന് പ്രിവന്റീവ് ഓഫീസർ ശ്രീ.സിബു.എ.രാജ് (തിരുവനന്തപുരം), സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ.എ.ഷിഹാബുദ്ദീൻ (തിരുവനന്തപുരം) എൻ.ഡി.പി.എസ്.കേസ്സിൽ പ്രതിസ്ഥാനത്ത് ചേർത്തതിനെ തുടർന്ന് ശ്രീ.ഇ.ഇ.സുരേന്ദ്രൻ (ഇടുക്കി), ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ.റ്റി.എസ്.ബൈജു (കൊല്ലം)ത്തിനെതിരെയും നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| ആരൊക്കെയെന്നും, നിലവിൽ എവിടെയാണ് ജോലിചെയ്യുന്നവെന്നും വിശദമാക്കുമോ? | ഇതിൽ ശ്രീ.ഐ.പി.കെ.രാജൻ, പ്രിവന്റീവ് ഓഫീസർ, സ/ശ്രീ.എം.സന്തോഷ് കുമാർ, ഹാരി ജോൺ, ഇ.ഇ.സുരേന്ദ്രൻ, (സിവിൽ എക്സൈസ് ഓഫീസർമാർ) എന്നിവരെ സർവീസിൽ നിന്നും പിരിച്ചുവിടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>പ്രിവന്റീവ് ഓഫീസർ ശ്രീ.സിബു.എ.രാജ് കൊലക്കേസിൽ പ്രതിയായതിനെ തുടർന്ന് സസ്പെൻഷനിലാവുകയും കോടതി വിധി വരുന്ന മുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.<br>ക്രിമിനൽ പശ്ചാത്തലമുള്ളവരുമായി ബന്ധമുണ്ടെന്ന് കണ്ട് ശ്രീ.റ്റി.എസ്.ബൈജു, സിവിൽ എക്സൈസ് ഓഫീസറെ കൊല്ലം ജില്ലയിൽ നിന്ന് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കെ.എസ്.ബി.സി ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.<br>ശ്രീ.സന്തോഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസറെ അച്ചടക്ക നടപടികളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലെ ചടയമംഗലം റേഞ്ചിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.